(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എത്ര മൽസ്യ തൊഴിലാളികൾക്ക് വീട് വച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 2400 വീടുകൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് വീടുകൾ നിർമ്മിക്കുകയാണ് ചെയ്യുന്നത്. മാതൃകാ മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പടുത്തി ആകെ 4973 ഭവനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

ഇതുകൂടാതെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 വർഷത്തിൽ ആകെ 1800 വീടുകൾ ജില്ലകളിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. 3 പദ്ധതികളിലും കൂടി ആകെ 9173 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായത്തിനായി ആകെ 17095 അപേക്ഷകളും 13-ാം ധനകാര്യ കമ്മീഷൻ ഭവന നിർമ്മാണ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 10298 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടും ആനുകൂല്യം ലഭിക്കാത്ത അർഹരായ അപേക്ഷകരിൽനിന്നുമാണ് സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

സംയോജിത മത്സ്യഗ്രാമവികസന പദ്ധതി

141 (142) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത മൽസ്യഗ്രാമവികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എത്ര മൽസ്യഗ്രാമങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി മൽസ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 57 മത്സ്യഗ്രാമങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ 2 കോടി രൂപ അടങ്കൽ തുകയിൽ പ്രധാനമായും കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 57 മത്സ്യഗ്രാമങ്ങളിലാണ് സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നത്.

(ഡി) 57 മത്സ്യഗ്രാമങ്ങളിലായി കുടിവെള്ള വിതരണം വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കുടിവെള്ള വിതരണം	-	51.25 കോടി രൂപ
വൈദ്യുതീകരണം	-	27.60 ,,
സാനിട്ടേഷൻ	-	11.43 ,,
ലൈബ്രറി സഹായം	-	8.99 ,,
ജീവനോപാധി സഹായം	-	8.96 ,,

കടലുണ്ടി ഫിഷറീസ് ബോട്ട് ജെട്ടി നിർമ്മാണം

142 (143) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly